**കേരള സർക്കാർ**

**സംഗ്രഹം**

<u>തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികൾ - ദരിദ്രരായ പട്ടികജാതി / പട്ടികവർഗ്ഗ ഗുണഭോക്താക്കൾ അടയ്ക്കേണ്ട വെള്ളക്കരത്തിന്റെ വിഹിതം - പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.</u>

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ.) നം. **627**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 13.03.2013.

## <u>ഉത്തരവ്</u>

ജല അതോറിറ്റി പരിപാലിച്ചിരുന്ന ചില ഏക ഗ്രാമ കുടിവെള്ള സ്കീമുകൾ അവ പ്രവർത്തനക്ഷമമാക്കിയ ശേഷം തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നു. ഇതിനു പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്തിരുന്ന സ്കീമുകളെല്ലാം തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ടി സ്കീമുകളുടെ ഇപ്രകാരം കൈമാറുന്നതു വരെയുള്ള നടത്തിപ്പ്, മെയിന്റനൻസ് ചെലവ് തുടങ്ങിയവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വഹിച്ചിരുന്നത്. കൈമാറിയതിനു ശേഷമുള്ള നടത്തിപ്പ് ചെലവ് ഇത്തരം സ്കീമുകളിൽ നിന്നും വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന തുക വിനിയോഗിച്ച് ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നും പ്രസ്തുത തുക ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ മാത്രം ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടുള്ളൂവെന്നും വ്യവസ്ഥ ചെയ്തിരുന്നു. അതിൻപ്രകാരം ഗുണഭോക്താക്കളിൽ ഉൾപ്പെടുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളും വെള്ളക്കരം അടയ്ക്കേണ്ടതുണ്ട്.

ഇപ്രകാരം ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ ദരിദ്രരായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ കഴിയാത്ത ദരിദ്രരായ പട്ടികജാതി - പട്ടികവർഗ്ഗ ഗുണഭോക്താക്കൾ അടയ്ക്കേണ്ട

വെള്ളക്കരത്തിന്റെ 25% ഗുണഭോക്താക്കൾ വഹിച്ച് കൊണ്ട് ബാക്കി വരുന്ന 75% തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് അനുമതി ആവശ്യമുള്ള പഞ്ചായത്തുകൾക്ക് സർക്കാരിനെ സമീപിക്കാവുന്നതാണ്. സർക്കാർ ഇക്കാര്യം പരിഗണിച്ച് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും പകർപ്പ് നൽകേണ്ടതാണ്)
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും പകർപ്പ് നൽകേണ്ടതാണ്)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (സർക്കാർ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.